2026
July
13
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






# കശുവണ്ടി വ്യവസായ പുനരുദ്ധാരണ പാക്കേജിന് അംഗീകാരം

**ന്യൂദൽഹി:** കശുവണ്ടി വ്യവസായ മേഖല നേരിടുന്ന അതിരൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജിന് കേന്ദ്രത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചതായി നൈപുണ്യവികസന വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ.

കേന്ദ്ര ധനമന്ത്രി നിർമലാസീതാരാമനെ സന്ദർശിച്ചു നിവേദനം നൽകിയശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി ഷിബു. തുടർനടപടിയായി കശുവണ്ടി വ്യവസായ മേഖലയിലെ വിദഗ്ധരടങ്ങിയ സമിതിയെക്കൊണ്ട് ഉടൻ തന്നെ വിശദമായ പ്രൊപ്പോസൽ തയാറാക്കി സമർപ്പിക്കും.

കഴിഞ്ഞ 12 വർഷമായി തുടരുന്ന പ്രതികൂല സാഹചര്യങ്ങൾ മൂലം കൊല്ലം ജില്ല കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന ഏകദേശം 850 സ്വകാര്യ കശുവണ്ടി സംസ്കരണ യൂണിറ്റുകളിൽ 90 ശതമാനവും പൂട്ടിപ്പോയതായി നിവേദനത്തിൽ മന്ത്രി ചൂണ്ടിക്കാട്ടി.

സാമ്പത്തികബാധ്യതകൾ താങ്ങാനാകാതെ ആറ് കശുവണ്ടി സംരംഭകർ ഇതിനകം ആത്മഹത്യ ചെയ്തിട്ടുണ്ടെന്നും ബാങ്കുകൾ സ്വീകരിക്കുന്ന കടുത്ത റിക്കവറി നടപടികൾ മേഖലയെ കൂടുതൽ ദുരിതത്തിലാക്കുകയാണെന്നും മന്ത്രി ഷിബു ബോബിജോൺ നിവേദനത്തിൽ ചൂണ്ടിക്കാട്ടി.

കശുവണ്ടി സംസ്കരണ മേഖലയെ ഇൻഡസ്ട്രിയൽ സിക്ക് സെക്ടറായി ഔദ്യോഗികമായി പ്രഖ്യാപിച്ച് പ്രത്യേക പുനരുദ്ധാരണ പാക്കേജുകൾക്ക് അർഹമാക്കണം, സംരംഭകർക്ക് ബാങ്ക് ബാധ്യതകൾ തീർപ്പാക്കുന്നതിനും വ്യവസായം പുനരാരംഭിക്കുന്നതിനും ആവശ്യമായ നിയമപരിരക്ഷയും ആനുകൂല്യങ്ങളും ഉറപ്പാക്കുന്ന പ്രത്യേക എംഎസ്എംഇ പാക്കേജ് പ്രഖ്യാപിക്കണം, കേരളത്തിന്റെ കശുവണ്ടി വ്യവസായത്തിനായി പ്രത്യേക സാമ്പത്തിക പാക്കേജ് തുടങ്ങിയ ആവശ്യങ്ങളാണ് നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ളത്.

# കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ വിലകുറയും; നികുതി കുറച്ചത് പ്രാബല്യത്തിലായി

**തിരുവനന്തപുരം** കേരളത്തിൽ ഇലക്ട്രിക് വാഹനങ്ങളുടെ വില കുറയും; നികുതി കുറച്ചത് പ്രാബല്യത്തിലായി



തിരുവനന്തപുരം: ഇവാഹനങ്ങളുടെ റോഡ് നികുതി കുറച്ച ബജറ്റ് തീരുമാനം പ്രാബല്യത്തിലായി. ഇരുചക്രവാഹനങ്ങൾ, സ്വകാര്യ ആവശ്യത്തിനുള്ള ഓട്ടോറിക്ഷകൾ, ടാക്സിടൂറിസ്റ്റ് കാറുകൾ, സ്വകാര്യവാഹനങ്ങൾ എന്നിവയ്ക്കെല്ലാം ഇളവ് ലഭിക്കും.

10 ലക്ഷംവരെ വിലയുള്ള വാഹനങ്ങൾക്ക് മൂന്നുശതമാനവും 10നും 20നും ഇടയ്ക്ക് വിലയുള്ളവയ്ക്ക് അഞ്ചുശതമാനവും 20നും 40നും ഇടയ്ക്ക് വിലയുള്ളവയ്ക്ക് 10 ശതമാനവും നികുതി നൽകണം. 40 ലക്ഷത്തിനു മുകളിൽ വിലയുള്ളവയ്ക്ക് 15 ശതമാനമാണ് നികുതി. ഇവാഹനങ്ങൾ ബുക്ക് ചെയ്ത ഒട്ടേറെപ്പേർ ബജറ്റ് പ്രഖ്യാപനത്തെത്തുടർന്ന് വാഹനങ്ങൾ രജിസ്റ്റർചെയ്യാതെ കാത്തിരിക്കുകയായിരുന്നു.

ഏഴുലക്ഷം രൂപയ്ക്കുമുതൽ ഇലക്ട്രിക് കാറുകൾ ലഭ്യമാണ്. പുതിയ നിരക്കുപ്രകാരം 15 വർഷത്തേക്ക് 21,000 രൂപമുതൽ റോഡ് നികുതി നൽകിയാൽ മതിയാകും. പഴയവാഹനങ്ങൾ പൊളിച്ച് പുതിയത് വാങ്ങുന്നവർക്ക് റോഡ് നികുതിയുടെ 15 ശതമാനം ഇളവും ലഭിക്കും. ഇത് നേരത്തേയുള്ളതാണ്. അവർക്ക് രജിസ്ട്രേഷൻ നിരക്കുമില്ല.

അംഗീകൃത പൊളിക്കൽ കേന്ദ്രങ്ങളിൽനിന്നു ലഭിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പുതിയ വാഹനങ്ങൾ രജിസ്റ്റർചെയ്യുമ്പോൾ ഇളവ് ലഭിക്കും. രജിസ്ട്രേഷൻ ഫീസില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് അഞ്ചുവർഷത്തേക്ക് 10 ശതമാനം നികുതി ഇളവ് ലഭിക്കും.

നേരത്തേ 15 ലക്ഷംവരെ വിലയുള്ള കാറുകൾക്ക് അഞ്ചുശതമാനമായിരുന്നു നികുതി. 15 ലക്ഷംമുതൽ 20 ലക്ഷംവരെ എട്ടുശതമാനവും. 20 ലക്ഷത്തിനുമേൽ 10 ശതമാനമായിരുന്നു. വിലകൂടിയ കാറുകൾക്ക് ബജറ്റിൽ നികുതി ഉയർത്തിയപ്പോൾ വിലകുറഞ്ഞ കാറുകൾക്ക് കുറച്ചു.

# വരുമാനം ഉയർന്നേക്കും; ആദായ നികുതി റിട്ടേണിൽ കുത്തനെ വർധന

**2025–26 സാമ്പത്തിക വർഷത്തേക്ക് ഇതുവരെ 1.7 കോടിയിലധികം ഐടി റിട്ടേണുകൾ സമർപ്പിച്ചു**

**ന്യൂദൽഹി:** നടപ്പു സാമ്പത്തിക വർഷം ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നവരുടെ എണ്ണത്തിൽ വൻ വർധനവ്. 2025–26 സാമ്പത്തിക വർഷത്തേക്ക് ഇതുവരെ 1.7 കോടിയിലധികം ഐടി റിട്ടേണുകൾ സമർപ്പിച്ചതായി ആദായനികുതി വകുപ്പ് അറിയിച്ചു.

ഇതിൽ 10 ലക്ഷത്തിലധികം അപേക്ഷകളും കഴിഞ്ഞദിവസം മാത്രം സമർപ്പിക്കപ്പെട്ടതാണെന്ന് ആദായനികുതി വകുപ്പ് ഔദ്യോഗിക സോഷ്യൽമീഡിയ പ്ലാറ്റ്ഫോമായ എക്സിൽ വ്യക്തമാക്കി.

അടുത്ത അസസ്മെൻറ് വർഷത്തേക്കുള്ള ഫോമുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 31 ആണ്. അവസാന നിമിഷത്തെ തിരക്ക് ഒഴിവാക്കാൻ നികുതിദായകർ എത്രയും വേഗം റിട്ടേണുകൾ സമർപ്പിക്കണമെന്ന് അധികൃതർ അഭ്യർഥിച്ചു.

തൊഴിലിൽ നിന്ന് വരുമാനമുള്ളവർക്കും ചെറുകിട നികുതിദായകർക്കും ഉപയോഗിക്കാവുന്ന ഏറ്റവും ലളിതമായ ഫോമാണ് ഐടിആർ1 അഥവാ സഹജ് .50 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള, ശന്പളം, ഒരു വീട്, 5,000 രൂപ വരെ കാർഷിക വരുമാനം എന്നിവയുള്ള വ്യക്തികൾക്കും സഹജ് ഫോം ഉപയോഗിക്കാം.

അതേസമയം, ബിസിനസിൽ നിന്നോ പ്രൊഫഷനിൽ നിന്നോ ലാഭമില്ലാത്തതും എന്നാൽ മൂധനലാഭം അഥവാ ക്യാപിറ്റൽ ഗെയിൻസ് ഉള്ളതുമായ വ്യക്തികൾക്കും ഹിന്ദു അവിഭക്ത കുടുംബങ്ങൾക്കും ഐടിആർ ഫയൽ ചെയ്യാനായി ഐടിആർ2 ഫോം ഉപയോഗിക്കാം.






# കുസാറ്റ്: റിയൽടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### സെന്റർ ഫോർ ബജറ്റ് സ്റ്റഡീസ്

പഞ്ചവത്സര ഇന്റഗ്രേറ്റഡ് എംഎസ് സി ഇൻ ഇക്കോണോമെട്രിക്സ് ആൻഡ് ഡാറ്റാ സയൻസ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ഇന്ന് സെന്റർ ഫോർ ബജറ്റ് സ്റ്റഡീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2862735, 8078599733

### ദീൻ ദയാൽ ഉപാധ്യായ കൗശൽ കേന്ദ്ര

ബി.വോക് (ഹോണേഴ്സ്) ഡാറ്റാ സയൻസ് ആൻഡ് അനാലിറ്റിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നാളെ രാവിലെ 9 മണിക്ക് ഡിഡിയുകെകെൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862839

### സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

എംഎസ് സി സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 14ന് രാവിലെ 10 മണിക്ക് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2862471, 9446465262

### കുസെക്

എംസിഎ പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 14ന് രാവിലെ 9:30ക്ക് കുസാറ്റിന്റെ കുട്ടനാട് ക്യാമ്പസ്സിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9447103911, 9447573045, 94462497061

### അപ്ലൈഡ് ഇക്കോണോമിക്സ്

എംഎ അപ്ലൈഡ് ഇക്കോണോമിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 15ന് രാവിലെ 10 മണിക്ക് അപ്ലൈഡ് ഇക്കോണോമിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8547881732, 04842862561

പ്രൊഫ. എൻ ആർ മാധവ മേനോൻ ഇന്റർഡിസിപ്ലിനറി സെന്റർ ഫോർ റിസർച്ച് എത്തിക്സ് ആൻഡ് പ്രോട്ടോകോള്സ് എംഎസ് സി ബയോഎത്തിക്സ് പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 14ന് രാവിലെ 9:30 ക്ക് ഐസിആർഇപി ൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 8078019688.

## ഇൻസ്ട്രുമെന്റേഷൻ വകുപ്പിന് എ.ഐ.സി.ടി.ഇയുടെ 23.88 ലക്ഷം ഗവേഷണ ഗ്രാന്റ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ (കുസാറ്റ്) ഇൻസ്ട്രുമെന്റേഷൻ വകുപ്പിന് ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യുക്കേഷന്റെ 23.88 ലക്ഷം രൂപയുടെ റിസർച്ച് ഗ്രാന്റ് ലഭിച്ചു. എ.ഐ.സി.ടി.ഇയുടെ റിസർച്ച് പ്രൊമോഷൻ സ്കീം (ലാബ് ടു മാർക്കറ്റ്) പ്രകാരമാണ് ഈ ധനസഹായം അനുവദിച്ചിരിക്കുന്നത്.

ബഹിരാകാശപ്രതിരോധ മേഖലകളിൽ ഏറെ ഉപയോഗപ്രദമാകുന്ന പ്രൊഡക്റ്റൈസേഷൻ ഓഫ് ആൻ ഇൻഡിജിനസ് എൽ.എൻ.2ബേസ്ഡ് ക്രയോഅഡ്സോർപ്ഷൻ വാകം പമ്പ് ഫോർ അൾട്രാഹൈ വാകം ആപ്ലിക്കേഷൻസ് എന്ന പ്രോജക്റ്റിനാണ് ഈ തുക ലഭിച്ചത്.

ഇൻസ്ട്രുമെന്റേഷൻ വകുപ്പിലെ ഡോ. പങ്കജ് സാഗർ (പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ), ഡോ. റെജു വി. ജി (കോപ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ) എന്നിവരാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. ക്രയോജനിക് സെൻസർ സാങ്കേതികവിദ്യയിൽ പേറ്റന്റ് നേടിയിട്ടുള്ള ഡോ. പങ്കജ് സാഗർ നിലവിൽ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സെർബ്, ആണവോർജ്ജ വകുപ്പിന്റെ ബി.ആർ.എൻ.എസ്, കൂടാതെ കേരള സ്റ്റാർട്ടപ്പ് മിഷൻ, എന്നിവ ധനസഹായം നൽകുന്ന പ്രധാന പ്രോജക്റ്റുകളുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററാണ്.

## അസിസ്റ്റന്റ് പ്രൊഫസർ ഒഴിവുകൾ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസിൽ (ഐയുസിഐപിആർ) വിവിധ വിഷയങ്ങളിലായി അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഐപിആർ, ജൂറിസ്പ്രൂഡൻസ്, കോമേഴ്സ്/ഇക്കോണോമിക്സ്/പൊളിറ്റിക്കൽ സയൻസ്, എംഎസ് സി/എം.ടെക്ക് എന്ന വിഷയങ്ങളിലാണ് ഒഴിവുകൾ. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ സ്വയം സാക്ഷ്യംവഹിച്ച അപേക്ഷയുടെ കോപ്പിയും, വയസ്, യോഗ്യത എന്നിവ തെളിയിക്കുന്നതിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പിയും ഡയറക്ടർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഐപിആർ സ്റ്റഡീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി 22' എന്ന വിലാസത്തിലേക്ക് ജൂലൈ 17ന് മുൻപായി ലഭിക്കത്തക്കവിധം അയക്കണം. അപ്ലിക്കേഷനും, യോഗ്യതയുടെ വിവരങ്ങൾക്കും www.cusat.ac.in/news എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484ഭ2862610, 9249053563



കെമിസ്റ്റ്സ് കോളജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് ആൻഡ് റിസർച്ചിന്റെ വിവിധ ബാച്ചുകളിലെ വിദ്യാർഥികളുടെ ബിരുദദാനച്ചടങ്ങ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഡോ. അജു ജോസഫ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. എ.എൻ. മോഹൻ, എം.ശശിധരൻ, എം.ഗോപകുമാർ, ഡോ. സി. വിജയരാഘവൻ തുടങ്ങിയവർ സമീപം.

# കെമിസ്റ്റ്സ് കോളജിൽ ബിരുദദാനച്ചടങ്ങ് നടത്തി

**കോലഞ്ചേരി:** കെമിസ്റ്റ്സ് കോളജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് ആൻഡ് റിസർച്ചി(സിസിപിഎസ്ആർ) ന്റെ 2021 ബി.ഫാം, 2022 ഡി.ഫാം, 2022 എം.ഫാം ബാച്ചുകളുടെ ബിരുദദാനച്ചടങ്ങ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഡോ. അജു ജോസഫ് കുര്യൻ ഉദ്ഘാടനം ചെയ്തു.

പൊതുജനാരോഗ്യത്തിനായി പ്രവർത്തിക്കേണ്ടവരാണ് ഫാർമിസിസ്റ്റുകളെന്നും ഡോക്ടർമാർ കുറിച്ചു കൊടുക്കുന്ന മരുന്നുകൾ ഡിസ്പെൻസ് ചെയ്യുമ്പോൾ ഗുണങ്ങൾക്കൊപ്പം അതിന്റെ പാർശ്വഫലങ്ങൾ രോഗികളെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്തം കൂടി ഫാർമിസിസ്റ്റുകൾ ഏറ്റെടുക്കേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു.

കോളജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കെമിസ്റ്റ്സ് ആൻഡ് ഡ്രഗ്ഗിസ്റ്റ്സ് എഡ്യൂക്കേഷൻ സൊസൈറ്റി (സിഡിഇഎസ്) സംസ്ഥാന പ്രസിഡന്റ് എ.എൻ. മോഹൻ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി എം.ശശിധരൻ, ട്രഷറർ എം.ഗോപകുമാർ, കോളജ് പ്രിൻസിപ്പൽ ഡോ. സി. വിജയരാഘവൻ എന്നിവർ പ്രസംഗിച്ചു. വിദ്യാർത്ഥികൾക്കുള്ള ബിരുദ സർട്ടിഫിക്കറ്റുകളും ചടങ്ങിൽ വിതരണം ചെയ്തു.



കൊച്ചിയിൽ സംഘടിപ്പിച്ച യങ് മൈൻഡ്സ് ഇന്റർനാഷണൽ ഇന്ത്യ ഏരിയയുടെയും റീജിയൺ രണ്ടിന്റെയും സംയുക്ത സമ്മേളനവും ഭാരവാഹികളുടെ സ്ഥാനാരോഹണവും മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. പ്രതീഷ് പോൾ, മൈക്കിൾ കെ.മൈക്കിൾ, ആന്റണി ജോസഫ്, മാത്തുക്കുട്ടി സെബാസ്റ്റ്യൻ, ഐ.സി.രാജു, ഡോ. കെ.സി.സാമുവൽ, ജോസ് അൽഫോൺസ്, എം.എസ്.അനിൽ കുമാർ, ആന്റോ കെ.ആന്റണി, സന്തോഷ് ജോർജ്, കെ.എം.സ്കറിയാച്ചൻ,രഞ്ജിത്ത് കുമാർ, ഐസക്ക് പാലത്തിങ്കൽ എന്നിവർ സമീപം.

# യങ് മൈൻഡ്സ് ഇന്റർനാഷണൽ ഇന്ത്യ ഏരിയ സമ്മേളനം മന്ത്രി അനൂപ് ജേക്കബ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് സന്നദ്ധ സംഘടനകളുടെ സഹായ സഹകരണങ്ങൾ അനിവാര്യമാണെന്ന് മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. കൊച്ചിയിൽ സംഘടിപ്പിച്ച യങ് മൈൻഡ്സ് ഇന്റർനാഷണൽ ഇന്ത്യ ഏരിയയുടെയും റീജിയൺ രണ്ടിന്റെയും സംയുക്ത സമ്മേളനവും ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിന് ജലഗതാഗത സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെന്നും, സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് വിഴിഞ്ഞം,വല്ലാർപാടം തുടങ്ങിയ വലിയ പദ്ധതികൾക്കൊപ്പം ചെറിയ പോർട്ടുകളും വികസിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. യങ് മൈൻഡ്സ് ഇന്റർനാഷണലിന്റെ പ്രധാന സാമൂഹ്യ സേവന പദ്ധതിയായ റീനൽ കെയർ ആൻഡ് ഡയാലിസിസ് പദ്ധതിയുടെയുടെയും പാർപ്പിട പദ്ധതിയുടെയും ഉദ്ഘാടനം ഉമ തോമസ് എം.എൽ.എ നിർവ്വഹിച്ചു.

സമ്മേളനത്തിൽ യങ് മൈൻഡ്സ് ഇന്റർനാഷണണൽ പ്രസിഡന്റ് ഡോ. കെ.സി സാമുവൽ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നടത്തി. ഇന്ത്യ ഏരിയയുടെ ഭാരവാഹികളായി ഐ.സി രാജു (പ്രസിഡന്റ്) ജേക്കബ് ഫിലിപ്പ് (സെക്രട്ടറി) പ്രതീഷ് പോൾ (ട്രഷറർ) സുരേഷ് കുമാർ (ബുള്ളറ്റിൻ എഡിറ്റർ) റീജിയണൽ ഭാരവാഹികളായി എം.എസ്.അനിൽ കുമാർ (ചെയർമാൻ) മിനു അന്ന മാത്യു (സെക്രട്ടറി), മധു മേനോൻ (ട്രഷറർ) രാജേഷ് അറക്കൽ (ബുള്ളറ്റിൻ എഡിറ്റർ) എന്നിവരാണ് പുതിയ ഭാരവാഹികൾ. ചടങ്ങിൽ ഇന്റർനാഷനൽ സെക്രട്ടറി ജനറൽ മാത്തുക്കുട്ടി സെബാസ്റ്റ്യൻ, ട്രഷറർ ആന്റണി ജോസഫ്, ബുള്ളറ്റിൻ എഡിറ്റർ ഡാനിയേൽ തോമസ്, ഏരിയ പ്രസിഡന്റ് ആന്റോ.കെ ആന്റണി, ഏരിയ സെക്രട്ടറി മൈക്കിൾ കെ.മൈക്കിൾ, റീജിയണൽ ചെയർമാൻ ജോസ് അൽഫോൺസ്, ഗ്രാൻഡ് കൗൺസിൽ അംഗങ്ങളായ ഐസക് പാലത്തിങ്കൽ, കെ.എം സ്കറിയച്ചൻ, ഇന്റർനാഷനൽ പ്രസിഡിയം അംഗം ബിജുമോൻ കെ എസ് എന്നിവർ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

# 150ൽ പരം ഒഴിവുകളിലേക്ക് സൗജന്യ തൊഴിൽ മേള

**കോട്ടയം:** മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ നേതൃത്വം നൽകുന്ന, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 2026 ജൂലൈ 25 ന് സൗജന്യ തൊഴിൽ മേള സംഘടിപ്പിക്കുന്നു.

വിവിധ സ്വകാര്യ സ്ഥാപനങ്ങളിലായി 150ഓളം ഒഴിവുകളുണ്ട്. കോട്ടയത്ത് സർവകലാശാലാ ക്യാമ്പസിലെ ബ്യൂറോയിൽ രാവിലെ 10 മണി മുതൽ നടക്കുന്ന കൂടിക്കാഴ്ചയിൽ എസ്.എസ്.എൽ.സി./പ്ലസ്ടു/ഡിപ്ലോമ/ഡിഗ്രി/ബി.ടെക് ഇലക്ട്രോണിക്സ്/എം.ബി.എ. അല്ലെങ്കിൽ മറ്റു ഉന്നത യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 24 ന് മുമ്പായി https://bit.ly/mccktmjuly എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് facebook.com/MCCKTM സന്ദർശിക്കുക. ഓഫീസ് പ്രവൃത്തി സമയങ്ങളിൽ 04812731025, 9495628626, 6282317660 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

### ബിരുദ ഏകജാലകം 2026: പ്രത്യേക അലോട്മെന്റ് രജിസ്ട്രേഷൻ ആരംഭിച്ചു

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിലെ വിവിധ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിനായുള്ള (ഡഏ ഇഅജ 2026) പ്രത്യേക അലോട്മെന്റിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

ഓൺലൈൻ രജിസ്ട്രേഷനുള്ള സൗകര്യം 2026 ജൂലൈ 13 വൈകിട്ട് 5.00 മണി വരെ ലഭ്യമായിരിക്കും.

### ബിരുദാനന്തര ബിരുദ ഏകജാലകം 2026: മൂന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു

ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിന്റെ മൂന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റിൽ പ്രവേശനം ലഭിച്ച വിദ്യാർഥികൾ ജൂലൈ 13 വൈകിട്ട് 4.30 മണിക്ക് മുമ്പായി ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

### സ്പോട്ട് അഡ്മിഷൻ

ക്യാമ്പസിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ എം എ മലയാളം, എം എ ഇംഗ്ലീഷ് കോഴ്സുകളിൽ എസ്.സി വിഭാഗത്തിൽ ഒരു സീറ്റും എസ് ടി വിഭാഗത്തിൽ രണ്ടു സീറ്റും ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 13ന് ഉച്ചക്ക് 12:00 മണിക്ക് മുൻപായി വകുപ്പിൽ ഹാജരാകേണ്ടതാണ്. ഇമെയിൽ: schoolofletters@mgu.ac.in ഫോൺ 9048001985

സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സിൽ 2026 ബാച്ച് എം.എസ്.സി. ഡാറ്റാ സയൻസ് ആൻറ് അനലിറ്റിക്സ് കോഴ്സിൽ എസ്.സി. വിഭാഗത്തിൽ 3 സീറ്റുകളും എസ്.ടി. വിഭാഗത്തിൽ 1 സീറ്റും ഒഴിവുണ്ട്. അർഹരായ വിദ്യാർത്ഥികൾ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ജൂലൈ 14, 15 തീയതികളിൽ രാവിലെ 10.30നും 12.30നും ഇടയിൽ സർവകലാശാലയിലെ കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ സ്കൂൾ ഓഫ് ഡാറ്റാ അനലിറ്റിക്സ് ഓഫീസിൽ (റൂം നമ്പർ: 520) നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ 8304870247, 7561087631 ഇമെയിൽ റെമ@ാഴൗ.മര.ശി

ക്യാമ്പസിലെ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.എഡ് പ്രോഗ്രാമിലേയ്ക്ക് ജനറൽ വിഭാഗത്തിലും സംവരണ വിഭാഗത്തിലുമായി ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ അപേക്ഷകൾ ജൂലൈ 13 വരെ സ്വീകരിക്കും. വിവരങ്ങൾക്ക് sps.mgu.ac.in / 0481-2731042 / sps@mgu.ac.in

### പരീക്ഷാഫലം

എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മന്റ് 2022 അഡ്മിഷൻ റെഗുലർ 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി (പുതിയ സ്കീം) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 25 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

### പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ സി ബി സി എസ് എസ് (2013 മുതൽ 2016 വരെ അഡ്മിഷൻ മേഴ്സി ചാൻസ്) ബി. എസ്.സി സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റീ അപ്പിയറൻസ്, 2014 മുതൽ 2017 വരെ അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ 29 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.




# എക്സലന്റ് അവാർഡ് മികവ് 2026 വിതരണം

**കൊച്ചി:** മത്സരാധിഷ്ഠിതമായ ഇന്നത്തെ ലോകത്ത് പ്രതിസന്ധികളെയും വെല്ലുവിളികളെയും അവസരങ്ങളാക്കി മാറ്റാൻ വിദ്യാർത്ഥികൾക്ക് സാധിക്കണമെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല

പറഞ്ഞു.എറണാകുളം നിയോജക മണ്ഡലത്തിലെ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കായി ടി.ജെ. വിനോദ് എം.എൽ.എ ഏർപ്പെടുത്തിയ എക്സലന്റ് അവാർഡ് മികവ് 2026വിതരണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കഠിനാധ്വാനത്തിലൂടെയും അച്ചടക്കത്തിലൂടെയും മാത്രമേ വിദ്യാർത്ഥികൾക്ക് ജീവിതത്തിൽ ഉന്നത വിജയങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ. മലയാളികൾ ലോകത്തിന്റെ നെറുകയിലെത്തിയത് വിദ്യാഭ്യാസത്തിന്റെ കരുത്തിലാണ്.

ജീവിതത്തിൽ ഇംപോസിബിൾ എന്ന വാക്ക് ഉണ്ടാകരുതെന്നും എല്ലാ കാര്യങ്ങളെയും എങ്ങനെ പോസിബിൾ ആക്കി മാറ്റാം എന്നാണ് വിദ്യാർത്ഥികൾ ചിന്തിക്കേണ്ടതെന്നും നെപ്പോളിയൻ ബോണപ്പാർട്ടിന്റെ വാക്കുകളെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. മാതാപിതാക്കളും അധ്യാപകരും കാണിച്ചുതരുന്ന സൽമാർഗ്ഗത്തിലൂടെ സഞ്ചരിച്ച് ഉന്നത ലക്ഷ്യങ്ങളിലേക്ക് കുതിക്കാൻ വിദ്യാർത്ഥി ജീവിതമെന്ന സുവർണ്ണകാലഘട്ടം പ്രയോജനപ്പെടുത്തണമെന്നും, നേട്ടങ്ങൾ കൈവരിക്കുമ്പോഴും സമൂഹത്തിലെ പാവപ്പെട്ടവരെയും സാധുക്കളെയും ഓർക്കണമെന്നും അവരുടെ മുഖത്ത് പുഞ്ചിരി വിടർത്താൻ കഴിയുന്നതാണ് യഥാർത്ഥ ജീവിതവിജയമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സംസ്ഥാനത്ത് ലഹരിക്കെതിരെ വലിയ പോരാട്ടമാണ് നടക്കുന്നത്. സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ഓപ്പറേഷൻ തൂഫാൻ എന്ന ലഹരിവിരുദ്ധ മഹായജ്ഞത്തിൽ വിദ്യാർത്ഥികൾ അണിനിരക്കണം. യുവത്വത്തെ നശിപ്പിക്കുന്ന മയക്കുമരുന്നിനെതിരെയും ലഹരിക്കെതിരെയും വിദ്യാർത്ഥികൾ 'തൂഫാൻ വാരിയേഴ്സ്' ആയി മാറണമെന്നും ജീവിതത്തിൽ ഒരിക്കലും ലഹരിവസ്തുക്കൾ ഉപയോഗിക്കില്ലെന്ന പ്രതിജ്ഞ എടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഹൈബി ഈഡൻ എം.പി മയക്കുമരുന്നിനെതിരായ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

വിദ്യാർത്ഥികളുടെ അക്കാദമിക മികവിനെ ആദരിക്കുന്നതിനൊപ്പം, മികച്ച പൗരബോധവും സാമൂഹിക ഉത്തരവാദിത്തവും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തവണത്തെ 'മികവ് 2026' പരിപാടി സംഘടിപ്പിച്ചത്.

ഇതിന്റെ ഭാഗമായി, സംസ്ഥാന സർക്കാരിന്റെ ലഹരിവിരുദ്ധ പ്രവർത്തനമായ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിയുടെ ഭാഗമായി സമൂഹത്തിന് ശക്തമായ സന്ദേശം നൽകുന്ന മാന്ത്രികൻ സാമ്രാജിന്റെ പ്രത്യേക മാജിക് ഷോ വേദിയിൽ അരങ്ങേറി. കലയും സന്ദേശവും സമന്വയിപ്പിക്കുന്ന ഈ അവതരണം ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും ശക്തമായ ബോധവൽക്കരണം നൽകി.

എറണാകുളം നിയോജക മണ്ഡലത്തിലെ 1500ൽ അധികം വിദ്യാർത്ഥികൾ'മികവ് 2026' എം.എൽ.എ അക്കാദമിക് എക്സലൻസ് അവാർഡ് ഏറ്റുവാങ്ങി.സർക്കാർ സിലബസ് വിദ്യാലയങ്ങളിൽ 100% വിജയം കരസ്ഥമാക്കിയ വിദ്യാലയങ്ങൾക്ക് പുരസ്കാരം നൽകി.

ടി.ജെ. വിനോദ് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം എം.പി ഹൈബി ഈഡൻ, കൊച്ചി മേയർ അഡ്വ. വി.കെ. മിനിമോൾ, ചേരാനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസി വാര്യത്ത്, ഡിവിഷൻ കൗൺസിലർ അഗസ്റ്റിൻ സെബാസ്റ്റ്യൻ, ജില്ലാ കളക്ടർ ജി പ്രിയങ്ക, സിറ്റി പോലീസ് കമ്മീഷണർ കാളിരാജ് മഹേഷ്കുമാർ, പ്രശസ്ത മന്ത്രികൻ സാമ്രാജ്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പേ ാൾ, ഹിന്റാൽകോ ഇൻഡസ്ട്രീസ് എറണാകുളം യൂണിറ്റ് പ്ലാന്റ് ഹെഡ് ഹരേന്ദ്ര സിംഗ്, അലിംസ് ബി സ്കൂൾ മാനേജിങ്ങ് ഡയറക്ടർ അഷ്റഫ് വാഫി, ഉൾപ്പടെയുള്ളവർ പ്രസംഗിച്ചു.

# ഓണം കുടുംബശ്രീയോടൊപ്പം: 1429 ഏക്കറിൽ ഓണക്കനി നിറപ്പൊലിമ കൃഷി

**പത്തനംതിട്ട:** ഓണവിപണിയിൽ വിഷരഹിത പച്ചക്കറികളും നാടൻ പൂക്കളും എത്തിക്കാൻ ഓണക്കനി നിറപ്പൊലിമ പദ്ധതിയുമായി ജില്ലാ കുടുംബശ്രീ മിഷൻ. ഓണം കുടുംബശ്രീയോടൊപ്പം എന്ന ലക്ഷ്യത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 2143 ജെഎൽജികൾ 1429.43 ഏക്കറിൽ കൃഷിയിറക്കിയിരിക്കുകയാണ്. ഓണക്കാലത്ത് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ കാർഷികോത്പന്നങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനൊപ്പം കുടുംബശ്രീ കർഷകവനിതകൾക്ക് മികച്ച വരുമാനവും തൊഴിലവസരവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ബന്ദിയും വാടാമല്ലിയും ഉൾപ്പെടെയുള്ള പൂക്കൾ 263 കർഷകസംഘങ്ങൾ 89.50 ഏക്കറിലാണ് നിറപ്പൊലിമ പദ്ധതി. നിലമൊരുക്കൽ മുതൽ വിളപരിപാലനവും കീടനിയന്ത്രണവും വരെ ആവശ്യമായ പരിശീലനങ്ങൾ കുടുംബശ്രീ മിഷനും കാർഷികമേഖലയിലെ കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരും കൃഷിവകുപ്പും ചേർന്ന് നൽകിയിട്ടുണ്ട്. ഉത്പാദിപ്പിക്കുന്ന പൂക്കൾ സ്കൂളുകൾ, കോളജുകൾ, സർക്കാർ ഓഫീസുകൾ, ധനകാര്യ സ്ഥാപനങ്ങൾ, കുടുംബശ്രീ ഓണച്ചന്തകൾ, വിപണനമേളകൾ എന്നിവയിലൂടെ വില്പന നടത്തും. ഓണക്കനി പദ്ധതിയുടെ ഭാഗമായി 796 ജെഎൽജികൾ 749.30 ഏക്കറിൽ പയർ, പാവൽ, വെണ്ട, വഴുതന, തക്കാളി, പച്ചമുളക്, പടവലം, ചീര, വെള്ളരി, മത്തൻ തുടങ്ങി വിഷരഹിത പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്. 531 ജെഎൽജികൾ 248 ഏക്കറിൽ വിവിധ കിഴങ്ങുവർഗങ്ങളും 553 ജെഎൽജികൾ 343 ഏക്കറിൽ ഏത്തവാഴയും കൃഷിചെയ്യുന്നുണ്ട്. അരുവാപ്പുലം, നാറാണംമൂഴി മേഖലകളിലെ 10 ട്രൈബൽ ജെഎൽജികൾ 3.75 ഏക്കറിൽ പൂക്കളും പച്ചക്കറികളും കൃഷി ചെയ്യുന്നത് ശ്രദ്ധേയമാണ്. രാസവളങ്ങളുടെയും രാസകീടനാശിനികളുടെയും ഉപയോഗം കുറച്ച് ജൈവവളങ്ങളും ജൈവ കീടനിയന്ത്രണ രീതികളും പ്രോത്സാഹിപ്പിക്കുന്നതിലൂടെ സുരക്ഷിത ഭക്ഷ്യോത്പാദനവും സുസ്ഥിര കാർഷിക വികസനവും ഉറപ്പാക്കുകയാണ് പദ്ധതിയുടെ മറ്റൊരു പ്രധാന ലക്ഷ്യം.



## ഓണത്തിന് ഒരു മുറം പച്ചക്കറി എൻഎസ്എസ് കോളജിൽ മാതൃകാ പച്ചക്കറിത്തോട്ടം

**കോന്നി:** പഞ്ചായത്ത് മഠത്തിൽകാവ് കേന്ദ്രീകരിച്ചു നടത്തിവരുന്ന ഗ്രാമ ഹരിതം പദ്ധതിയിൽ ഉൾപ്പെടുത്തി മന്നം മെമ്മോറിയൽ എൻഎസ്എസ് കോളജ് നാഷണൽ സർവീസ് സ്കീം 116 നമ്പർ യൂണിറ്റുമായി സഹകരിച്ച് കോളജ് അങ്കണത്തിൽ മാതൃകാ പച്ചക്കറിത്തോട്ടത്തിന്റെ നിർമാണം തുടങ്ങി.

ഓണത്തിന് വിഷരഹിതമായ പച്ചക്കറികളുടെ വിളവെടുപ്പ് നടത്തുക എന്ന ഉദ്ദേശത്തോടുകൂടിയാണ് എൻഎസ്എസും ഗ്രാമപഞ്ചായത്തും ഈ ഉദ്യമത്തിൽ പങ്കാളികളായിരിക്കുന്നത്. 100 തക്കാളി തൈകളും 100 വെണ്ട തൈകളുമാണ് മാതൃകാ തോട്ടത്തിൽ ആദ്യഘട്ടമായി നട്ടിട്ടുള്ളത്. വരുംദിവസങ്ങളിൽ പച്ചമുളക്, വഴുതന തൈകൾ കൂടി മാതൃകാ തോട്ടത്തിൽ നട്ടുപിടിപ്പിക്കുന്നതിനാണ് കോളജ് എൻഎസ്എസ് യൂണിറ്റ് പദ്ധതി ഇട്ടിരിക്കുന്നത്.

ഗ്രാമപഞ്ചായത്തംഗം പ്രവീൺ പ്ലാവിളയിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് റോജി ഏബ്രഹാം പദ്ധതി ഉദ്ഘാടനം ചെയ്തു. തൈകളുടെ വിതരണം കോളജ് പ്രിൻസിപ്പാൾ ഡോ. എസ്. ബീന നിർവഹിച്ചു.

എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ ആർ. ദീപ്തി, ഷെനി കുമാരി, വോളണ്ടിയർ സെക്രട്ടറിമാർ, വോളണ്ടിയർമാർ എന്നിവർ പ്രസംഗിച്ചു. നൂറു പേർ അടങ്ങുന്ന നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ പഞ്ചായത്തിൽ നിന്നും ലഭിച്ച പച്ചക്കറി തൈകൾ കോളജിലെ മാതൃകാ തോട്ടത്തിൽ നട്ട് മാതൃക പ്രവർത്തകരായി.

## വള്ളംകളി ലോകോത്തര നിലവാരത്തിലേക്കു മാറണം

**ആലപ്പുഴ:** പുന്നമടക്കായലിൽ ഓഗസ്റ്റ് 22ന് നടക്കുന്ന 72ാമത് നെഹ്റുട്രോഫി വള്ളംകളിയുടെ ഭാഗ്യചിഹ്നമായ വള്ളം തുഴയുന്ന വേഴാമ്പൽ കെ.സി. വേണുഗോപാൽ എംപി പ്രകാശനം ചെയ്തു. നടി ഭാമ ഭാഗ്യചിഹ്നം ഏറ്റുവാങ്ങി. മന്ത്രി എം. ലിജു മുഖ്യാതിഥിയായിരുന്നു. അന്താരാഷ്ട്ര ടൂറിസം ഭൂപടത്തിൽ ആലപ്പുഴയെ അടയാളപ്പെടുത്തുന്ന കായിക വിനോദമാണ് വള്ളംകളിയെന്ന് കെ.സി. വേണുഗോപാൽ പറഞ്ഞു.

കുട്ടനാടിന്റെ കാർഷിക, കായിക മേഖലകളുടെ കരുത്തു തെളിയിക്കുന്ന വിനോദമാണിത്. അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ ലോകോത്തര നിലവാരത്തിലേക്ക് വള്ളംകളിയെ ഉയർത്തിക്കൊണ്ടുവരാനും കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായങ്ങൾ ഉറപ്പാക്കാനുമുള്ള കാര്യങ്ങൾ ചെയ്യുമെന്നും വേണുഗോപാൽ കൂട്ടിച്ചേർത്തു. മന്ത്രി എം. ലിജു നടി ഭാമയെ ചടങ്ങിൽ ആദരിച്ചു.

72ാമത് നെഹ്റു ട്രോഫി ജലമേളയുടെ ഭാഗ്യചിഹ്ന നിർണയവുമായി ബന്ധപ്പെട്ട് 148 എൻട്രികളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലഭിച്ചത്. പുന്നപ്ര പുത്തൻവെളിയിൽ ഗ്രാഫിക് ഡിസൈനറായ ഹരിണാണ് ഭാഗ്യചിഹ്ന മത്സരത്തിൽ വിജയിയായത്. യുവാക്കൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെട്ട റാം c/o ആനന്ദി എന്ന നോവലിന്റെ കവർ ചെയ്തതും ഇദ്ദേഹമാണ്.

മാവേലിക്കര രാജാ രവിവർമ കോളജ് ഓഫ് ഫൈൻ ആർട്സിലെ അപ്ലൈഡ് ആർട്സ് ലെക്ചറർമാരായ കെ.എ. ഷാഖിർ, വി.എം. ബിനോയി, ആർട്ടിസ്റ്റ് സതീഷ് വാഴവേലിൽ എന്നിവരായിരുന്നു ഭാഗ്യചിഹ്നത്തിന്റെ വിധികർത്താക്കൾ.

ആലപ്പുഴ കളപ്പുര സർക്കാർ അതിഥി മന്ദിരത്തിൽ പബ്ലിസിറ്റി കമ്മിറ്റി സംഘടിപ്പിച്ച പ്രകാശനച്ചടങ്ങിൽ നെഹ്റുട്രോഫി ബോട്ട് റേസ് സൊസൈറ്റി ചെയർമാനും ജില്ലാ കളക്ടറുമായ ഷാജി വി. നായർ അധ്യക്ഷത വഹിച്ചു.

എംഎൽഎമാരായ എ.ഡി. തോമസ്, ജി. സുധാകരൻ, ജില്ലാ പഞ്ചയത്ത് പ്രസിഡൻറ് എ. മഹേന്ദ്രൻ, നഗരസഭാ അധ്യക്ഷ മോളി ജേക്കബ്, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് സി. പ്രേംജി, ആലപ്പുഴ ആർഡിഒയും എൻടിബിആർ സൊസൈറ്റി സെക്രട്ടറിയുമായ ജെ. മോബി, ജില്ലാ ഇൻഫർമേഷൻ ഓഫീസറും പബ്ലിസിറ്റി കമ്മിറ്റി കൺവീനറുമായ കെ.എസ്. സുമേഷ്, നഗരസഭാംഗങ്ങളായ ബെന്നി ജോസഫ്, എ.എം. നൗഫൽ, ബിജി ശങ്കർ, പബ്ലിസിറ്റി കമ്മിറ്റി പ്രതിനിധി സി. പ്രദീപ് എന്നിവർ പ്രസംഗിച്ചു.



# രാജ്യാന്തര നിലവാരത്തിൽ കൊല്ലം റെയിൽവേ സ്റ്റേഷൻ വികസനം

**കൊല്ലം:** രാജ്യാന്തര നിലവാരത്തിൽ വികസിപ്പിക്കുന്ന കൊല്ലം റെയിൽവേ സ്റ്റേഷന്റെ നിർമാണ പുരോഗതി ദക്ഷിണ റെയിൽവേ ജനറൽ മാനേജർ ആർ.എൻ.സിങ് വിലയിരുത്തി. പദ്ധതിയുടെ ഭാഗമായി പൂർത്തിയാക്കിയ മൾട്ടി ലവൽ കാർ പാർക്കിങ്, സർവീസ് ബിൽഡിങ്, പാഴ്സൽ ബിൽഡിങ്, എസ്എസ്ഇ. വർക്സ് ബിൽഡിങ്, ഗാങ് റെസ്റ്റ് റൂം എന്നിവ അദ്ദേഹം സന്ദർശിച്ചു. 361.17 കോടി രൂപ ചെലവിട്ട് നടക്കുന്ന വികസന പദ്ധതിയിൽ 53% പൂർത്തിയാക്കിയതായി റെയിൽവേ അറിയിച്ചു.

മൂന്ന് ഘട്ടങ്ങളായാണ് ഒന്നാം ടെർമിനൽ കെട്ടിട സമുച്ചയ നിർമാണം. ഇതിന്റെ ആദ്യഘട്ടത്തിന്റെ ഘടനാപരമായ നിർമാണം പൂർത്തിയായി, അവസാന മിനുക്കു പണികൾ പുരോഗമിക്കുകയാണ്. രണ്ടാം ഘട്ടത്തിൽ 25 ശതമാനവും മൂന്നാം ഘട്ടത്തിൽ 12 ശതമാനവും ഘടനാപരമായ ജോലികൾ പൂർത്തിയായി. ആകെ 472 പൈൽ ഫൗണ്ടേഷനുകളിൽ 388 എണ്ണം നിർമിച്ചതായി റെയിൽവേ ഉദ്യോഗസ്ഥർ അറിയിച്ചു.

പ്ലാറ്റ്ഫോം നവീകരണം, ഭൂഗർഭ ജലസംഭരണി, 450 കെഎൽഡി മലിനജല ശുദ്ധീകരണ പ്ലാന്റ് (എസ്ടിപി), 1600 കെവിഎ വൈദ്യുത സബ് സ്റ്റേഷൻ, ഡ്രെയ്നേജ്, ആന്തരിക റോഡുകൾ, സർഫേസ് പാർക്കിങ്, ചുറ്റുമതിൽ എന്നിവയുടെ നിർമാണവും പുരോഗമിക്കുന്നു.കൊല്ലം, തിരുപ്പതി ട്രെയിനിനൊപ്പം ഘടിപ്പിച്ച പ്രത്യേക കോച്ചിലാണ് ജനറൽ മാനേജർ എത്തിയത്.

ദക്ഷിണ റെയിൽവേ ചീഫ് എൻജിനീയർ (കൺസ്ട്രക്ഷൻ) സുശീൽ കുമാർ, ഡപ്യൂട്ടി ചീഫ് എൻജിനീയർ, ഡപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ എൻജിനീയർ, ഡിവിഷനൽ എൻജിനീയർ തുടങ്ങിയവർ ജനറൽ മാനേജർക്ക് ഒപ്പമുണ്ടായിരുന്നു.

റെയിൽവേ സ്റ്റേഷനിൽ നിലവിലുള്ള നടപ്പാലം നിലനിർത്തണമെന്നും കെട്ടിട സമുച്ചയവുമായി ബന്ധിപ്പിക്കണമെന്നും ദക്ഷിണ റെയിൽവേ ജനറൽ മാനേജർ നിർദേശം നൽകിയതായി അറിയുന്നു. ഇതു നിർമാണ പ്രവർത്തനം നീളുന്നതിന് കാരണമാകുമെന്ന് പറയുന്നു.എസ്കലേറ്റർ, ലിഫ്റ്റ് എന്നിവയുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള നടപ്പാലമാണ് നേരിയ മാറ്റത്തോടെ നിലനിർത്താൻ നിർദേശിച്ചിട്ടുള്ളത്.

റെയിൽവേ സ്റ്റേഷന് ഇരു വശത്തെയയും 2 ദേശീയ പാതകൾക്ക് അഭിമുഖമായുള്ള ടെർമിനുകളെ ബന്ധിപ്പിച്ചു കൊണ്ട് 126 മീറ്റർ നീളവും 36 മീറ്റർ വീതിയിലുമാണ് എയർ കോൺകോഴ്സ് എന്ന ആകാശ ഇടനാഴി നിർമിക്കുന്നതിനും പദ്ധതിയുണ്ട്.

ഇവിടെ വാണിജ്യ സ്റ്റാളുകൾ, ഭക്ഷണശാലകൾ, വിശ്രമ കേന്ദ്രം, എടിഎം കൗണ്ടർ തുടങ്ങിയവ ഉണ്ടാകും. എയർ കോഴ്സിലേക്ക് പ്രവേശിക്കുന്നതിന് ലിഫ്റ്റുകളും എസ്കലേറ്ററുകളും ഉണ്ടാകും. ഇതിന്റെ ബീമുകൾ സ്ഥാപിക്കുന്നത് ട്രെയിൻ സർവീസ് പുനഃക്രമീകരിച്ചു കൊണ്ടുള്ള ട്രാഫിക് ബ്ലോക്ക് നടപ്പാക്കേണ്ടിവരും. അതിനു ദക്ഷിണ റെയിൽവേയുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. ജനറൽ മാനേജരുടെ സന്ദർശനത്തോടെ അനുമതി ഉടൻ ലഭിക്കുമെന്നാണു കരുതുന്നത്. ഇതിന്റെ ബീമുകൾ ഉയർത്തുന്നതിനുള്ള ഉപകരണങ്ങൾ ബെംഗളൂരുവിൽ നിന്നെത്തിയിട്ട് 10 ദിവസം പിന്നിട്ടു. ട്രാഫിക് ബ്ലോക്കിനുള്ള അനുമതി ലഭിക്കാത്തതിനാൽ ഇതു വെറുതെ കിടക്കുകയാണ്.

# പാലക്കാട് കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുടെ നിർമാണം ഉടൻ തുടങ്ങും

**കല്ലടിക്കോട്:** പാലക്കാട് കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയുടെ നിർമാണവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം നീങ്ങുന്നു. സ്ഥലമേറ്റെടുക്കൽ 95 ശതമാനത്തിലേറെ പൂർത്തിയായ പദ്ധതിയുടെ നിർമാണം ഉടൻ തുടങ്ങും. കഴിഞ്ഞദിവസം ദൽഹിയിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയെ കണ്ട മന്ത്രി ഇക്കാര്യം ശ്രദ്ധയിൽപെടുത്തി. ചില മേഖലകളിൽ പ്രതീക്ഷിച്ച ട്രാഫിക് ഉണ്ടാകില്ലെന്നതുൾപ്പെടെ പാതയുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിലെ ചില ആശങ്കകൾ കേന്ദ്രമന്ത്രി പങ്കുവച്ചു. എന്നാൽ ഇത്തരം ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന് മന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം കേന്ദ്രമന്ത്രിയെ ധരിപ്പിച്ചു. നിർമാണം ഉടൻ തുടങ്ങാൻ ധാരണയായിട്ടുണ്ട്. പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന ഗ്രീൻഫീൽഡ് ഹൈവേ ഗ്രാമീണ മേഖലയിലൂടെയാണു കടന്നുപോകുന്നത്. 121 കിലോമീറ്റർ ദൂരമുള്ള പൂർണമായി സ്ഥലമേറ്റെടുത്ത് നിർമിക്കുന്ന ഗ്രീൻഫീൽഡ് പദ്ധതിക്ക് 8000 കോടിയാണ് ചെലവു പ്രതീക്ഷിക്കുന്നത്.

ഭൂമിയേറ്റെടുത്തതിനു രണ്ടായിരം കോടിയിലേറെ നഷ്ടപരിഹാരവും നൽകി. കഴിഞ്ഞ വർഷം നിർമാണം തുടങ്ങുമെന്നറിയിച്ചിരുന്നെങ്കിലും അതുണ്ടായില്ല.

വിശ്രമകേന്ദ്രങ്ങൾക്ക് ആവശ്യമായ ഭൂമിയേറ്റെടുക്കലിനു ത്രീഡി വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടിയാണ് ഇനി നടക്കാനുള്ളത്.

ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിന് ദേശീയപാത അഥോറിറ്റി ടെൻഡർ നൽകണം. അതിനു മുന്നോടിയായി കെട്ടിടങ്ങളുടെ ലിസ്റ്റിംഗ് എടുക്കുന്ന നടപടിയാണു പുരോഗമിക്കുന്നത്. ഇതു ദേശീയപാത അഥോറിറ്റിക്കു കൈമാറിയാൽ കെട്ടിടം പൊളിക്കാനുള്ള ടെൻഡർ വിളിക്കും. പാതയുടെ ഒരു ഭാഗത്ത് പ്രതീക്ഷിച്ച ട്രാഫിക് ഉണ്ടാകില്ലെന്ന പഠന റിപ്പോർട്ട് കേന്ദ്രത്തിനു ലഭിച്ചതും നിർമാണം വൈകാൻ കാരണമായിട്ടുണ്ടെന്നാണു സൂചന. ഇതിൽ ആശങ്കയ്ക്കു വകയില്ലെന്ന് കേരളം അറിയിച്ചതോടെ നടപടികൾ വേഗത്തിലാക്കാൻ ധാരണയായത്.

സേലം കൊച്ചി എൻഎച്ച് 544, എൻഎച്ച് 6 എന്നീ ഹൈവേകളുമായി പുതിയ ഗ്രീൻഫീൽഡ് പാതയ്ക്ക് ബന്ധമുണ്ടായിരിക്കും. ഇതുകൂടാതെ 8 സംസ്ഥാനപാതകളുമായും 5 മേജർ റോഡുകളുമായും 11 ബസ് സ്റ്റാൻഡുകളുമായും കോഴിക്കോട് പാലക്കാട് ദേശീയപാത കണക്ട് ചെയ്യും. കോഴിക്കോട്, തുവ്വൂർ, പാലക്കാട് എന്നീ റെയിൽവേ സ്റ്റേഷനുകൾക്കരികിലൂടെയും ഈ പാത നീങ്ങുന്നു. ഡിപിആറിൽ പറയുന്ന വിവരങ്ങൾ പ്രകാരം ഭാഗികമായി പ്രവേശന നിയന്ത്രണമുള്ള ഹൈവേയായിരിക്കും പാലക്കാട് കോഴിക്കോട് ഹൈവേ. ഇത് എങ്ങനെയാണ് നടപ്പാക്കുക എന്നത് വ്യക്തമല്ല.

# ഇന്റർനാഷണൽ ഇൻവസ്റ്റ്മെന്റ് ഗ്രേഡ് ഇഷ്യുവർ റേറ്റിംഗ്സ് സ്വന്തമാക്കി ഫെഡറൽ ബാങ്ക്

**കൊച്ചി:** ആഗോളപ്രശസ്ത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസിയായ എസ് ആൻഡ് പി ഗ്ലോബൽ റേറ്റിംഗ്സ് ഫെഡറൽ ബാങ്കിന് ദീർഘകാലം അടിസ്ഥാനമാക്കി ആആആ/സ്റ്റേബിൾ റേറ്റിങ്ങും ഹൃസ്വകാലം അടിസ്ഥാനമാക്കി അ3 റേറ്റിങ്ങും നൽകി. ബാങ്ക് ഫ്രാൻഞ്ചൈസിയുടെ കരുത്ത്, റിസ്ക് മാനേജ്മെന്റിൽ കാഴ്ചവച്ച അച്ചടക്കം, വൈവിധ്യമാർന്ന ഫണ്ടിംഗ് സംവിധാനം, ശക്തമായ പണലഭ്യത, സ്ഥിരതയാർന്ന പ്രകടനം എന്നീ മേഖലകളിൽ ബാങ്ക് കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനമാക്കിയാണ് ബാങ്കിന് റേറ്റിംഗ് ലഭിച്ചത്. ആആആ/സ്റ്റേബിൾ റേറ്റിംഗ് ലഭിച്ചതോടെ, ആഗോള ഇൻവസ്റ്റ്മെന്റ് ഗ്രേഡ് കാറ്റഗറിയിലേക്ക് ഫെഡറൽ ബാങ്ക് എത്തിച്ചേർന്നു. ഇതാദ്യമായാണ് ഫെഡറൽ ബാങ്കിന് എസ് ആൻഡ് പി ഗ്ലോബൽ റേറ്റിംഗ്സിന്റെ അംഗീകാരം ലഭിക്കുന്നത്.

ഇടപാടുകാർ, ബിസിനസ് പങ്കാളികൾ, ഓഹരി ഉടമകൾ തുടങ്ങിയവർ ബാങ്കിലർപ്പിച്ച വിശ്വാസം ദൃഢപ്പെടുത്തുന്നതിനൊപ്പം ആഗോളനിക്ഷേപകരുടെയും അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളുടെയും ഇടയിൽ ഫെഡറൽ ബാങ്കിന്റെ സ്വീകാര്യത ശക്തിപ്പെടുത്താനും ഉയർന്ന റേറ്റിംഗിലൂടെ സാധിക്കും. ഫെഡറൽ ബാങ്കിനെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന നാഴികക്കല്ലാണ് ഇന്റർനാഷണൽ ഇൻവസ്റ്റ്മെന്റ് ഗ്രേഡ് ഇഷ്യുവർ റേറ്റിംഗ്സെന്ന് എംഡിയും സിഇഒയുമായ കെ വി എസ് മണിയൻ പറഞ്ഞു. ഫ്രാഞ്ചൈസിയുടെ കരുത്തും ബിസിനസ് മോഡലിന്റെ പ്രതിരോധശേഷിയും, വളർച്ച, റിസ്ക് മാനേജ്മെന്റ്, ഗവേണൻസ് എന്നീ മേഖലകളിൽ ബാങ്ക് സ്വീകരിച്ചിട്ടുള്ള അച്ചടക്കമുള്ള സമീപനവും മികച്ച റേറ്റിങ്ങിൽ പ്രതിഫലിക്കുന്നതായി അദ്ദേഹം പറഞ്ഞു. ഉപഭോക്തൃ മികവ്, സുസ്ഥിരമായ വളർച്ച, ദീർഘകാല മൂല്യവർദ്ധനവ് എന്നിവയിൽ കൃത്യമായ ശ്രദ്ധ കേന്ദ്രീകരിച്ച്, ഭാവിയിലേക്കു സജ്ജമായ ഒരു സ്ഥാപനം കെട്ടിപ്പടുക്കുന്നത് തുടരുന്ന ബാങ്കിന്റെ യാത്രയിലെ ഒരു സുപ്രധാന ഘട്ടത്തിലാണ് ഈ അംഗീകാരം ലഭിക്കുന്നത്. തെരഞ്ഞെടുത്ത മേഖലകളിൽ വളർച്ചയ്ക്കുള്ള അവസരങ്ങൾ തേടുമ്പോഴും, ശക്തമായ സാമ്പത്തിക അടിത്തറ നിലനിർത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരായി തുടരുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

# യെസ് ബാങ്കിന്റെ വായ്പ വിശ്വാസ്യത ഉയർത്തി ആഭ്യന്തര അന്താരാഷ്ട്ര ഏജൻസികളുടെ റേറ്റിംഗ്




**കൊച്ചി:** പ്രമുഖ ആഭ്യന്തര, അന്താരാഷ്ട്ര ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ യെസ് ബാങ്കിന്റെ ക്രെഡിറ്റ് റേറ്റിംഗ് ഉയർത്തിയതോടെ ബാങ്കിന്റെ വായ്പാ വിശ്വാസ്യത കൂടുതൽ ശക്തിപ്പെട്ടു. ബാങ്കിന്റെ ആസ്തികളുടെ ഗുണനിലവാരം, ലാഭക്ഷമത, മൂലധന അടിത്തറ എന്നിവയിലുണ്ടായ പുരോഗതിയാണ് റേറ്റിംഗ് ഉയർത്താൻ കാരണമായത്.

എസ് ആൻഡ് പി ഗ്ലോബൽ റേറ്റിങ്സ് യെസ് ബാങ്കിന് ആദ്യമായി ബി.ബി. പ്ലസ് ദീർഘകാല ഇഷ്യൂവർ ക്രെഡിറ്റ് റേറ്റിങ്ങും സ്റ്റേബിൾ ഔട്ട്ലുക്കും നൽകി. 2026 മെയ് മാസം മൂഡീസ് റേറ്റിങ്സ് യെസ് ബാങ്കിന്റെ റേറ്റിംഗ് ബി.എ ടു വിൽ നിന്നും ബി.എ വൺ സ്റ്റേബിൾ ആയി ഉയർത്തിയതിന് പിന്നാലെയാണ് ഈ പ്രഖ്യാപനം. ഇതോടെ രണ്ട് ആഗോള റേറ്റിങ് ഏജൻസികളിൽ നിന്നാണ് യെസ് ബാങ്കിന് സ്ഥിരതയുള്ള അന്തർദേശീയ റേറ്റിങ് ലഭിച്ചത്.

ബാങ്കിന്റെ ആസ്തികളുടെ ഗുണനിലവാരത്തിലെ പുരോഗതി, ശക്തമായ ധനസമാഹരണ സംവിധാനം, മെച്ചപ്പെട്ട മൂലധന സ്ഥിതി, പ്രവർത്തന ലാഭത്തിലെ സ്ഥിരമായ വളർച്ച, യെസ് ബാങ്കിൽ ഏകദേശം 24.9 ശതമാനം ഓഹരിയുള്ള ഏറ്റവും വലിയ ഓഹരിയുടമയായ സുമിറ്റോമോ മിറ്റ്സുയി ബാങ്കിങ് കോർപ്പറേഷന്റെ നിക്ഷേപം എന്നിവയാണ് റേറ്റിങ് ഉയർത്താൻ സഹായിച്ച പ്രധാന ഘടകങ്ങൾ.

ആഭ്യന്തര റേറ്റിംഗ് വിഭാഗത്തിൽ ഐസിആർഎ ബാങ്കിന്റെ ഇൻഫ്രാസ്ട്രക്ചർ ബോണ്ടുകൾക്കും ബാസൽ ത്രീ ടയർ ടു ബോണ്ടുകൾക്കും നൽകിയ ദീർഘകാല റേറ്റിംഗ് ഐസിആർഎ എ.എ (സ്റ്റേബിൾ) ആയി ഉയർത്തി. നേരത്തെ കെയർ എഡ്ജ് റേറ്റിങ്സും ബാങ്കിന്റെ ദീർഘകാല റേറ്റിംഗ് കെയർ എ.എ മൈനസിൽ നിന്നും കെയർ എ.എ പ്ലസ്' (സ്റ്റേബിൾ) ആയി ഉയർത്തിയിരുന്നു.

# ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് ഇൻഡിജീനിയസ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനികളിലൊന്നായ ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകളിലൂടെ നിക്ഷേപിക്കാനാകുന്ന പുതിയ തീമാറ്റിക് നിക്ഷേപ പദ്ധതിയായ ഇൻഡിജീനിയസ് ഫണ്ട് പുറത്തിറക്കി. ഇന്ത്യയുടെ സാമ്പത്തിക വളർച്ച, തദ്ദേശീയവൽക്കരണം, നൂതനാശയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ബിസിനസുകളിലാണ് ഈ ഫണ്ട് പ്രധാനമായും നിക്ഷേപം നടത്തുന്നത്.

ഇന്ത്യയുടെ സാമ്പത്തിക മുന്നേറ്റം, തദ്ദേശീയവൽക്കരണം, നൂതനാശയങ്ങൾ എന്നീ മൂന്ന് ദീർഘകാല നിക്ഷേപ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് ഈ ഫണ്ട് ഒരുക്കിയിരിക്കുന്നത്. ലാർജ്ക്യാപ്, മിഡ്ക്യാപ്, സ്മോൾക്യാപ് കമ്പനികളിൽ വൈവിധ്യമാർന്ന നിക്ഷേപ അവസരങ്ങൾ നൽകുന്ന ഒരു ഓപ്പൺഎൻഡഡ് ഇക്വിറ്റി ഫണ്ടാണിത്. ഇന്ത്യയിലെ മുൻനിര മാർക്കറ്റ് സൂചികകളിലൊന്നായ ബിഎസ്ഇ 500 ആണ് ഈ ഫണ്ടിന്റെ ബെഞ്ച്മാർക്ക്. പുതിയ ഫണ്ട് ഓഫർ ജൂലൈ 10ന് ആരംഭിച്ചു. ഒരു യൂണിറ്റിന് 10 രൂപയാണ് പ്രാരംഭ നെറ്റ് അസറ്റ് വാല്യൂ.

ഈ ഫണ്ട് പ്രധാനമായും ഇക്വിറ്റി അധിഷ്ഠിത നിക്ഷേപ തന്ത്രമാണ് പിന്തുടരുന്നത്. 80 മുതൽ 100 ശതമാനം വരെ ഓഹരികളിലും ഓഹരി അനുബന്ധ പദ്ധതികളിലുമായിരിക്കും നിക്ഷേപം നടത്തുക. ബാക്കി തുക ആവശ്യത്തിന് ധനലഭ്യത ഉറപ്പാക്കുന്നതിനായി ക്യാഷ്, മണി മാർക്കറ്റ് പദ്ധതികളിൽ നിക്ഷേപിക്കും.

## ഗോത്ര മേഖലകൾക്കായി ഭവനവായ്പാ പദ്ധതി അവതരിപ്പിച്ച് പിഎൻബി

**ന്യൂദൽഹി:** ഗോത്ര വിഭാഗങ്ങളിലെ ജനങ്ങൾക്ക് ഭവനവായ്പ ലഭ്യമാക്കുന്നതിനായി പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) ട്രൈബൽ പ്ലസ് ലോൺ സ്കീം അവതരിപ്പിച്ചു. ഭൂമിയുടെ ഉടമസ്ഥാവകാശവും ഈടുസ്വത്തുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ മൂലം വായ്പ ലഭിക്കുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി.

പിഎൻബിയുടെ ഗുവാഹത്തി, റായ്പൂർ സോണുകളിലെ ഗോത്ര പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കുക. വീടും ഫ്ലാറ്റും വാങ്ങൽ, നിർമാണം, അറ്റകുറ്റപ്പണി, നവീകരണം, വിപുലീകരണം എന്നിവയ്ക്കായി ശമ്പളക്കാർക്ക് 40 ലക്ഷം രൂപ വരെയും സ്വയംതൊഴിൽ, ബിസിനസ്, പ്രൊഫഷണൽ വിഭാഗങ്ങൾക്ക് 25 ലക്ഷം രൂപ വരെയും വായ്പ ലഭിക്കും. പരമാവധി 15 വർഷമാണ് തിരിച്ചടവ് കാലാവധി.

## ആഴ്ചയിലൊരിക്കൽ എടുക്കാവുന്ന ഇൻസുലിൻ ഇന്ത്യയിൽ പുറത്തിറക്കി

**ന്യൂദൽഹി:** പ്രമേഹ ചികിത്സാരംഗത്ത് നിർണായക ചുവടുവയ്പുമായി ആഴ്ചയിൽ ഒരിക്കൽ മാത്രം

ഡെന്മാർക്ക് ആസ്ഥാനമായുള്ള പ്രമുഖ മരുന്ന് നിർമാണ കമ്പനിയായ നോവോ നോർഡിസ്ക് ആണ് ആവിക്ലി എന്ന ബ്രാൻഡ് നാമത്തിൽ ഇക്കോഡെക് ഇൻസുലിൻ വിപണിയിലെത്തിച്ചത്. പ്രായപൂർത്തിയായ ടൈപ്പ് 1, ടൈപ്പ് 2 പ്രമേഹബാധിതർക്ക് ഒരുപോലെ ഉപയോഗിക്കാവുന്നതാണ് ഈ മരുന്ന്.

നിലവിൽ പ്രമേഹരോഗികൾ ദിവസവും ഒന്നോ അതിലധികമോ തവണ ഇൻസുലിൻ കുത്തിവയ്ക്കേണ്ട സ്ഥാനത്ത് പുതിയ മരുന്ന് ആഴ്ചയിൽ ഒരു തവണ മാത്രം എടുത്താൽ മതിയാകും. ഇതോടെ വർഷത്തിൽ വേണ്ടിവരുന്ന കുത്തിവയ്പുകളുടെ എണ്ണം 365ൽനിന്നും വെറും 52 ആയി കുറയും. ശരീരത്തിൽ പ്രവേശിച്ചശേഷം ഏഴു ദിവസത്തേക്ക് കൃത്യമായ അളവിൽ ഇൻസുലിൻ പുറത്തുവിടാൻ തക്കവണ്ണമാണ് തന്മാത്രാഘടന രൂപകല്പന ചെയ്തിരിക്കുന്നത്.

കേന്ദ്ര ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ കൃത്യമായ പരിശോധനകൾക്കും അനുമതിക്കും ശേഷമാണ് ഈ മരുന്ന് വിപണിയിലെത്തിച്ചിരിക്കുന്നത്. ആഗോളതലത്തിൽ നടന്ന വിപുലമായ ക്ലിനിക്കൽ പരീക്ഷണങ്ങളിൽ ദിവസേനയെടുക്കുന്ന ഇൻസുലിനേക്കാൾ സുരക്ഷിതവും ഫലപ്രദവുമാണ് ഇതെന്ന് തെളിഞ്ഞിട്ടുണ്ട്.

എന്നാൽ, ദിവസേനയുള്ള ഇൻസുലിനിൽനിന്നും പുതിയ രീതിയിലേക്ക് മാറുന്നതിനുമുമ്പ് കൃത്യമായ ഡോസ് നിശ്ചയിക്കാൻ പ്രമേഹരോഗ വിദഗ്ധന്റെ ഉപദേശം തേടേണ്ടത് അനിവാര്യമാണെന്ന് അധികൃതർ വ്യക്തമാക്കുന്നു.

## കൊട്ടക് നിഫ്റ്റി സ്വകാര്യ ബാങ്ക് ഇടിഎഫ് പുറത്തിറക്കി

**ന്യൂദൽഹി:**കൊട്ടക് മഹീന്ദ്ര എഎംസി നിഫ്റ്റി പ്രൈവറ്റ് ബാങ്ക് ഇടിഎഫ് അവതരിപ്പിച്ചു. നിഫ്റ്റി പ്രൈവറ്റ് ബാങ്ക് സൂചികയെയാകും ഇടിഎഫ് പിന്തുടരുക. പുതിയ ഫണ്ട് ഓഫർ ജൂലായ് 15ന് അവസാനിക്കും.

രാജ്യത്തെ സ്വകാര്യ ബാങ്കിങ് മേഖലയുടെ വളർച്ചയിൽ പങ്കാളികളാകാനുള്ള അവസരമാകും നിക്ഷേപകർക്ക് ഈ സ്കീമിലൂടെ ലഭിക്കുക.

നിഫ്റ്റി സ്വകാര്യ ബാങ്ക് സൂചികയിലെ ഓഹരികളിൽ അതേ അനുപാതത്തിൽ നിക്ഷേപം നടത്തുന്നതിനാൽ സൂചികയുടെ പ്രകടനത്തിന് സമാനമായ റിട്ടേണായിരിക്കും ലഭിക്കുക. ധനകാര്യമേഖലയിലെ നിർണായക വിഭാഗമായ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപം വൈവിധ്യവത്കരിക്കാൻ ഇടിഎഫ് നിക്ഷേപം ഉപകരിക്കും.

## തീരുവ ഒഴിവാക്കി: ചാർജർ ഭാഗങ്ങൾക്കും ബാറ്ററി അനുബന്ധ ഘടകങ്ങൾക്കും വില കുറയും

**ന്യൂദൽഹി:**ആഭ്യന്തര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ചാർജർ ഭാഗങ്ങൾ, ബാറ്ററികൾ ഉൾപ്പെടെയുള്ളവയുടെ ഇറക്കുമതിക്ക് കേന്ദ്ര സർക്കാർ തീരുവ ഇളവ് പ്രഖ്യാപിച്ചു. ഡിസ്പ്ലെ പാനലുകൾ, വയർലെസ് ചാർജിങ് ഘടകങ്ങൾ, ലിഥിയം അയൺ സെൽ നിർമാണത്തിനുള്ള സാമഗ്രികൾ എന്നിവയ്ക്കാണ് പ്രധാനമായും ഇളവ് നൽകിയിട്ടുള്ളത്.

പശ്ചിമേഷ്യയിലെ സംഘർഷം മൂലം വിതരണ ശൃംഖലയിലെ തടസ്സവും ചെലവ് വർധനവും കണക്കിലെടുത്താണ് ഉത്പാദന ചെലവ് കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ള ഈ നീക്കം. 2029 മാർച്ച് 31വരെ ആനുകൂല്യം ലഭ്യമാകും.

ഓട്ടോമോട്ടീവ്, മെഡിക്കൽ, വ്യാവസായിക ഉപകരണങ്ങളിൽ ആവശ്യമുള്ള ഡിസ്പ്ലേ അസംബ്ലികളുടെ നിർമാണത്തിനുള്ള ഭാഗങ്ങൾ ഇറക്കുമതി തീരുവയിൽനിന്ന് ഒഴിവാക്കി.



ദേശീയ മത്സ്യകർഷക ദിനാചരണത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐയിൽ നടന്ന മത്സ്യകർഷ ക സംഗമം ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

# എൽ നിനോ: അടുത്ത വർഷം മത്തിയുടെ ലഭ്യതയിൽ കുറവുണ്ടായേക്കുമെന്ന് സിഎംഎഫ്ആർഐ

## ദേശീയ മത്സ്യകർഷക ദിനം ആചരിച്ചു

**കൊച്ചി:** സമുദ്ര ഉഷ്ണതരംഗങ്ങൾക്ക് കാരണമാകുന്ന എൽ നിനോ പ്രതിഭാസം മൂലം അടുത്ത വർഷം മത്തിയുടെ ലഭ്യതയിൽ വൻതോതിൽ കുറവുണ്ടായേക്കുമെന്ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ).

ഒക്ടോബർനവംബർ മാസങ്ങളിൽ ശക്തിപ്പെടുമെന്ന കരുതുന്ന എൽ നിനോയുടെ പ്രത്യാഘാതം ഇന്ത്യൻ മഹാസമുദ്രത്തിൽ അടുത്ത വർഷം ഏപ്രിൽ മെയ് മാസങ്ങളിൽ പ്രകടമാകുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ദേശീയ മത്സ്യകർഷക ദിനത്തിൽ സിഎംഎഫ്ആർഐ സംഘടിപ്പിച്ച മത്സ്യ കർഷക സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ കുറച്ചു വർഷങ്ങളെ അപേക്ഷിച്ച് മത്തിയുടെ ലഭ്യത ഇപ്പോൾ കൂടുതലാണ്. എന്നാൽ, പ്രവചിക്കപ്പെടുന്നതു പോലെ എൽ നിനോ സംഭവിക്കുകയാണെങ്കിൽ അടുത്ത വർഷം മത്തിലഭ്യതയെ സാരമായി ബാധിക്കും. കടലിലെ താപതരംഗങ്ങളും താപവ്യതിയാനങ്ങളും മത്തി ഉൾപ്പെടെയുള്ള ചെറിയ ഉപരിതല മീനുകളെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത്. ഇത് രാജ്യത്താകെ സമുദ്രമത്സ്യ ലഭ്യതയിൽ ഇടിവുണ്ടാകാൻ കാരണമാകുമെന്നും അദ്ദേഹം പറഞ്ഞു.

തുടർച്ചയായ സമുദ്രതാപനം പവിഴപ്പുറ്റുകളുടെ നാശത്തിനും അതുവഴി ചെമ്പല്ലി പോലുള്ള പവിഴപ്പുറ്റുകളെ ആശ്രയിച്ചു കഴിയുന്ന മത്സ്യങ്ങളുടെ സ്വാഭാവിക പ്രജനനത്തെയും ലഭ്യതയെയും ബാധിക്കുംസിഎംഎഫ്ആർഐ ഡയറക്ടർ പറഞ്ഞു.

എൽ നിനോയുടെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കും കർഷകർക്കുമായി ഈ വർഷം തന്നെ സി.എം.എഫ്.ആർ.ഐ പ്രത്യേക ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിക്കും. കടുത്ത ചൂടിനും ഉയർന്ന ലവണാംശത്തിനും ശേഷം പെട്ടെന്നുണ്ടാകുന്ന മഴ തീരദേശങ്ങളിലും കായലുകളിലും ലവണാംശം പെട്ടെന്ന് മാറിമറിയുന്നതിന് കാരണമാകും. ഇത് മത്സ്യകൃഷിയെ സാരമായി ബാധിക്കാനിടയുള്ളതിനാൽ തീരദേശ മത്സ്യകർഷകർ മുൻകരുതൽ സ്വീകരിക്കണം.

ദേശീയ മത്സ്യകർഷക ദിനാചരണ ചടങ്ങിൽ തീരദേശ മത്സ്യകൃഷി, കൂട് കൃഷി, മത്സ്യവിത്തുൽപ്പാദനം, പട്ടാളപ്പുഴു ഉപയോഗിച്ചുള്ള ജൈവ മാലിന്യ സംസ്കരണവും തീറ്റ നിർമ്മാണവും, മത്സ്യക്കർഷകർക്കുള്ള സർക്കാർ സബ്സിഡികൾ എന്നിവയെക്കുറിച്ച് സിഎംഎഫ്ആർഐ ശാസ്ത്രജ്ഞർ കർഷകർക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ നൽകി. ഡോ ഇമെൽഡ ജോസഫ്, ഡോ ബോബി ഇഗ്നേഷ്യസ്, ഡോ രമ മധു, ഡോ ഷോജി ജോസഫ്, ഡോ സുരേഷ് ബാബു പി പി, ഡോ സാജു ജോർജ്, ഡോ അനുരാജ് എ, ഡോ അംബരീഷ് പി ഗോപ് തുടങ്ങിയവർ സംസാരിച്ചു. കൂടുമത്സ്യ കർഷകർ അനുഭവങ്ങൾ പങ്കുവെച്ചു. 250ലേറെ മത്സ്യ കർഷകർ പങ്കെടുത്തു.

# 50എംപി ക്യാമറയും 7000എംഎഎച്ച് ബാറ്ററിയുമായി മോട്ടോറോളയുടെ മോട്ടോ ജി77 പവർ

**ന്യൂദൽഹി:** 50 മെഗാപിക്സൽ സോണി ലിറ്റിയ 600 ക്യാമറയും 7000എംഎഎച്ച് ശേഷിയുള്ള ബാറ്ററിയുമായി മോട്ടോറോള പുതിയ മോട്ടോ ജി77 പവർ സ്മാർട്ട്ഫോൺ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. 6.72 ഇഞ്ച് എഫ്എച്ച്ഡി+ 120ഹേർട്സ് ഡിസ്പ്ലേ, മീഡിയടെക് ഡൈമെൻസിറ്റി 6400 പ്രോസസർ, 8ജിബി റാം, 128ജിബി സ്റ്റോറേജ്, 32എംപി സെൽഫി ക്യാമറ എന്നിവയോടെയാണ് ഫോൺ എത്തുന്നത്. ഡോൾബി അറ്റ്മോസ് സ്റ്റീരിയോ സ്പീക്കറുകളും ആൻഡ്രോയിഡ് 16 ഓപ്പറേറ്റിംഗ് സിസ്റ്റവും ഫോണിലുണ്ട്.



7000എംഎഎച്ച് ബാറ്ററി ഒരൊറ്റ ചാർജിൽ മൂന്ന് ദിവസം വരെ ഉപയോഗിക്കാനാകുമെന്ന് കമ്പനി വാഗ്ദാനം ചെയ്യുന്നു. 30 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗ്, 6 വാട്ട് വയേർഡ് റിവേഴ്സ് ചാർജിംഗ്, കോർണിങ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം, ഐപി64 വാട്ടർ റെസിസ്റ്റൻസ്, എംഐഎൽഎസ്ടിഡി810എച്ച് മിലിട്ടറി ഗ്രേഡ് ഡ്യൂറബിലിറ്റി എന്നിവയും ഫോണിന്റെ പ്രധാന സവിശേഷതകളാണ്. എഐ അധിഷ്ഠിത ക്യാമറ ഫീച്ചറുകൾ, ഗൂഗിൾ ജെമിനി, സർക്കിൾ ടു സെർച്ച് തുടങ്ങിയ സംവിധാനങ്ങളും ഇതിലുണ്ട്.

8ജിബി + 128ജിബി വേരിയന്റിന് 23,999 രൂപയാണ് പ്രാരംഭ വില. പാന്റോൺ നോട്ടിക്കൽ ബ്ലൂ, പാന്റോൺ ഫ്യൂഷ്യ റെഡ്, പാന്റോൺ ഇംപെനെട്രബിൾ എന്നീ മൂന്ന് നിറങ്ങളിൽ ഫോൺ ലഭ്യമാകും. ജൂലൈ 13 മുതൽ ഫ്ലിപ്കാർട്ട്, മോട്ടോറോളയുടെ ഔദ്യോഗിക വെബ്സൈറ്റ്, രാജ്യത്തെ പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി ഫോൺ വിൽപ്പനയ്ക്കെത്തും.

# 28 പുതിയ ഉൽപ്പന്നങ്ങൾക്ക് കൂടി ജിഐ രജിസ്ട്രേഷൻ നേടാൻ പിന്തുണ നൽകി നബാർഡ്

**മുംബൈ:** രാജ്യത്തിന്റെ പരമ്പരാഗത ഉൽപ്പന്നങ്ങൾക്കും ഗ്രാമീണ സംരംഭകർക്കും കൂടുതൽ വിപണിസാധ്യത ഒരുക്കുന്നതിന്റെ ഭാഗമായി 28 പുതിയ ഉൽപ്പന്നങ്ങൾക്ക് കൂടി ഭൗമശാസ്ത്ര സൂചിക (ജിഐ) രജിസ്ട്രേഷൻ ലഭ്യമാക്കാൻ നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവല പ്മെൻറ്(നബാർഡ്) പിന്തുണ നൽകി.

ഇതോടെ നബാർഡിന്റെ സഹായത്തോടെ ജിഐ അംഗീകാരം നേടിയ ഉൽപ്പന്നങ്ങളുടെ എണ്ണം 176 ആയി. കൈത്തറി, കരകൗശല ഉൽപ്പന്നങ്ങൾ, മുളശിൽപം, ലോഹശിൽപം, സംഗീതോപകരണങ്ങൾ തുടങ്ങിയവയാണ് പുതുതായി പട്ടികയിൽ ഇടംനേടിയത്. ബിഹാറിലെ നളന്ദ ബവൻബൂട്ടി സാരി, ഗയ പത്തർകട്ടി സ്റ്റോൺ ക്രാഫ്റ്റ്, ജാർഖണ്ഡിലെ കുചായ് സിൽക്ക് സാരി, അസമിലെ ബാ ശിൽപ് (മുളശിൽപം), ബിഹു പേപ്പ, ഹിമാചൽ പ്രദേശിലെ വുഡ് കാർവിങ് ക്രാഫ്റ്റ്, മധ്യപ്രദേശിലെ ഖജുരാഹോ മെറ്റൽ ക്രാഫ്റ്റ് എന്നിവ പുതുതായി ജിഐ രജിസ്ട്രേഷൻ നേടിയ ഉൽപ്പന്നങ്ങളിൽ ഉൾപ്പെടുന്നു.

നബാർഡിന്റെ ജിഐ പദ്ധതികളിലൂടെ രാജ്യത്തെ 13,000ത്തിലധികം കരകൗശല തൊഴിലാളികളെയും ഉൽപ്പാദകരെയും ഉയർന്ന മൂല്യമുള്ള വിപണികളുമായി ബന്ധിപ്പിച്ചതായും ഇതുവഴി 50,000ത്തിലധികം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായും അധികൃതർ അറിയിച്ചു. ഗ്രാമീണ ഉൽപ്പന്നങ്ങൾക്ക് മികച്ച വിലയും വിപണന സാധ്യതയും ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ജിഐ രജിസ്ട്രേഷൻ, ബ്രാൻഡിങ്, ഡിജിറ്റൽ വിപണനം, കയറ്റുമതി, ഉൽപ്പാദക കൂട്ടായ്മകളുടെ രൂപവത്കരണം എന്നിവയ്ക്കായി പ്രത്യേക സൗകര്യകേന്ദ്രങ്ങളും ജിഐ സ്റ്റോറുകളും സ്ഥാപിക്കാൻ നബാർഡ് പിന്തുണ നൽകുന്നുണ്ട്. രാജ്യത്തിന്റെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനൊപ്പം ഗ്രാമീണ സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്താനും ഈ ഇടപെടലുകൾ സഹായിക്കുമെന്ന് നബാർഡ് ചെയർമാൻ ഡോ. ഷാജി കൃഷ്ണൻ വി പറഞ്ഞു.

# ഫണ്ട്സ് ഇന്ത്യ കൈകാര്യം ചെയ്യുന്ന ആസ്തി 30,000 കോടി രൂപ കടന്നു

**ബെംഗളൂരു:** ഡിജിറ്റൽ വെൽത്ത് മാനേജ്മെന്റ് പ്ലാറ്റ്ഫോമായ ഫണ്ട്സ്ഇന്ത്യ കൈകാര്യം ചെയ്യുന്ന ആസ്തിയുടെ (എയുഎം) മൂല്യം 30,000 കോടി രൂപ പിന്നിട്ടു. ഈ വർഷം ആദ്യം ?25,000 കോടി രൂപ എന്ന നാഴികക്കല്ല് പിന്നിട്ടതിന് പിന്നാലെയാണ് പുതിയ നേട്ടം. നിലവിൽ രാജ്യത്തുടനീളം ഏകദേശം 30 ലക്ഷം നിക്ഷേപകരാണ് കമ്പനിയുടെ സേവനം ഉപയോഗിക്കുന്നത്. ഇവരിൽ 71.79 ശതമാനവും പ്രമുഖ മെട്രോ നഗരങ്ങൾക്ക് പുറത്തുള്ളവരാണ്.

റീട്ടെയിൽ നിക്ഷേപകരുടെ എസ്ഐപി നിക്ഷേപ വർധനയും, സ്വതന്ത്ര ധനകാര്യ ഉപദേഷ്ടാക്കളുമായുള്ള പങ്കാളിത്ത ശൃംഖലയുടെ വികസനവും, ഹൈനെറ്റ്വർത്ത് ഉപഭോക്താക്കളെ കേന്ദ്രീകരിച്ചുള്ള പ്രൈവറ്റ് വെൽത്ത് വിഭാഗത്തിന്റെ വളർച്ചയുമാണ് ഈ നേട്ടത്തിന് വഴിയൊരുക്കിയതെന്ന് കമ്പനി അറിയിച്ചു. റീട്ടെയിൽ, പാർട്ണർ, പ്രൈവറ്റ് വെൽത്ത് എന്നീ മൂന്ന് ബിസിനസ് വിഭാഗങ്ങളിലൂടെയാണ് കമ്പനി സേവനങ്ങൾ നൽകുന്നത്.

വെസ്റ്റ്ബ്രിഡ്ജ് ക്യാപിറ്റലിന്റെ പിന്തുണയുള്ള ഫണ്ട്സ്ഇന്ത്യ സാങ്കേതികവിദ്യ, ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ), അനലിറ്റിക്സ് എന്നിവയിൽ കൂടുതൽ നിക്ഷേപം നടത്തിവരികയാണ്. നിലവിൽ 1,260 ജീവനക്കാരുള്ള കമ്പനി കൂടുതൽ വ്യക്തിഗതവും സാങ്കേതികവിദ്യ അധിഷ്ഠിതവുമായ നിക്ഷേപ ഉപദേശ സേവനങ്ങൾ രാജ്യത്തുടനീളം വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.